**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2881** **25-06-2024 - ൽ മറുപടിയ്ക്ക്**

**പരിസ്ഥിതി സൗഹൃദ ടൂറിസത്തിന് വനം വകുപ്പ് നൽകുന്ന സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പരിസ്ഥിതി സൗഹൃദ ടൂറിസത്തിന് സംസ്ഥാന വനം വകുപ്പ് എന്തെല്ലാം സേവനങ്ങൾ നൽകിവരുന്നുണ്ട്; | (എ) | പരിസ്ഥിതി സൗഹൃദ ടൂറിസം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പരമാവധി സ്ഥിര നിർമ്മിതികൾ ഒഴിവാക്കി പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ടുള്ള താത്കാലിക നിർമ്മിതികളിലാണ് ഇക്കോ ടൂറിസം കേന്ദ്രങ്ങളെല്ലാം പ്രവർത്തിച്ചു വരുന്നത്. നിലവിലെ നിയമങ്ങൾക്ക് വിധേയമായികൊണ്ടും പരിസ്ഥിതിയും ജൈവവൈവിധ്യവും വനസമ്പത്തും സംരക്ഷിച്ചുകൊണ്ടും പ്ലാസ്റ്റിക്ക് വിപത്തിന് എതിരെയുള്ള സന്ദേശങ്ങൾ പൊതുജനങ്ങൾക്ക് നൽകികൊണ്ടും ഇക്കോ ടൂറിസം കേന്ദ്രങ്ങൾ വഴി പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട വിപുലമായസേവനങ്ങൾ നൽകിവരുന്നുണ്ട്. ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ പരിസ്ഥിതി സൗഹൃദ ടൂറിസമാക്കുന്നതിനായി പ്ലാസ്റ്റിക് മാലിന്യങ്ങൾ പൂർണ്ണമായും നിരോധിക്കുകയും പുനരുപയോഗിക്കാവുന്ന സ്റ്റീൽ, ക്ലേ പാത്രങ്ങൾ ഉപയോഗിച്ച് വരുകയും ചെയ്യുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനായി വെയിസ്റ്റ് ബിന്നുകൾ സ്ഥാപിക്കുകയും കൃത്യമായ ഇടവേളകളിൽ ശുചീകരണ പ്രവർത്തികൾ നടപ്പിലാക്കിയും വരുന്നു. അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേനയുടെ സഹായത്താൽ നീക്കം ചെയ്യുകയും, പരിസ്ഥിതി സൗഹൃദ ടൂറിസം സംബന്ധിച്ച് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും, ഇതു സംബന്ധിച്ച ബോധവൽക്കരണ ബോർഡുകൾ വിവിധ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. സന്ദർശകർക്കായി ഓൺലൈൻ ബുക്കിംഗും ഇ-ടിക്കറ്റിംഗ് സംവിധാനവും വിവിധ കേന്ദ്രങ്ങളിൽ ബയോടോയിലറ്റ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തേക്കടിയിൽ (പെരിയാർ ടൈഗർ റിസർവ്) ഗോൾഫ് കാർട്ട് ഇലക്ട്രിക് വാഹനം ഉപയോഗിക്കുന്നുണ്ട്. . |

| | | | |
|---|---|---|---|
| (ബി) | ഇക്കോ ടൂറിസം വഴി സംസ്ഥാനത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടതിന്റെ വിശദാംശം അറിയിക്കാമോ; | (ബി) | ഇക്കോ ടൂറിസം കേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന VSS/EDC അംഗങ്ങളാണ് കേന്ദ്രത്തിന്റെ നടത്തിപ്പും പരിപാലന ചുമതലകളും നിർവ്വഹിച്ചുവരുന്നത്. വനാശ്രിതരായ ഈ അംഗങ്ങളെയാണ് ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ ഗൈഡുമാർ/വാച്ചർമാർ ആയി നിയമിക്കുന്നത്. നിലവിൽ സംസ്ഥാനത്തെ വിവിധ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ 2172 ആളുകൾക്ക് പ്രത്യക്ഷത്തിൽ ജോലി നൽകി വരുന്നു. കൂടാതെ വിവിധ മേഖലകളിലായി 15000 ത്തിൽ കൂടുതൽ ആളുകൾക്ക് പരോക്ഷമായി ജോലിയും അതിലൂടെ വരുമാനവും ലഭിക്കുന്നുണ്ട്. |
| (സി) | 2016 ജൂൺ മാസത്തിന് ശേഷം സംസ്ഥാനത്തെ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെയും സന്ദർശകരുടെയും പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ ഇക്കോടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും സന്ദർശകരുടെ പുരോഗതിയും യഥാസമയം വിലയിരുത്തപ്പെടുകയും, അവയ്ക്കനുയോജ്യമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായ രീതിയിൽ നടപ്പിലാക്കി വരുകയും ചെയ്യുന്നു. അതാത് പദ്ധതി പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന VSS/EDC കളാണ് ടി ഇക്കോടൂറിസം പദ്ധതിയുടെ നടത്തിപ്പ്, പരിപാലന ചുമതലകൾ നിർവ്വഹിക്കുന്നത്. ഇക്കോടൂറിസം പദ്ധതി പ്രദേശങ്ങളിൽ സന്ദർശക സുരക്ഷക്കായും പദ്ധതി പ്രദേശത്തിലെ മാലിന്യ നിർമ്മാർജ്ജനത്തിനും പരിപാലനത്തിനുമായി സമിതി അംഗങ്ങളെ ഗൈഡുകളായി നിയോഗിച്ചു വരുന്നു.<br><br>2016 ജൂൺ മാസത്തിനു ശേഷം ഇക്കോടൂറിസം പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി "keralaforestecotourism.com" എന്ന വെബ് സൈറ്റും Kerala forest ecotourism എന്ന മൊബൈൽ ആപ്പും വഴി ഓൺലൈൻ ബുക്കിംഗ് സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ കേരളത്തിലെ മുഴുവൻ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും ഓൺലൈൻ ടിക്കറ്റിങ് സൗകര്യം ലഭ്യമാക്കി വരുന്നു.<br><br>വിവിധ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് പ്രകൃതി ഭംഗി ആസ്വദിക്കുവാനും പ്രകൃതിയെ നേരിട്ട് അറിയുവാനുമായി നടത്തിവരുന്ന സഫാരികളിൽ സഞ്ചാരികളുടെ സൗകര്യത്തിനായി മിനി സഫാരി ബസ്സുകൾ ഉപയോഗിച്ച് വരുന്നു. ഇതിനുപുറമെ സംസ്ഥാന സർക്കാരിന്റെ കാർബൺ ന്യൂട്രൽ കേരളം എന്ന നയത്തോട് ഉതകും വിധം പരിസ്ഥിതി - ഭിന്നശേഷി സൗഹൃദമായ ഗോൾഫ് കാർട്ട് ഇലക്ട്രിക് വാഹനം തേക്കടിയിൽ (പെരിയാർ ടൈഗർ റിസർവ്) ഉപയോഗിച്ചു വരുന്നു. |

| | | | | |
|---|---|---|---|---|
| | | | | ഇക്കോട്ടൂറിസം കേന്ദ്രങ്ങളിൽ വനാശ്രിത സമൂഹങ്ങളിൽ നിന്നും ശേഖരിക്കുന്ന ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നതിനായി വനശ്രീ ഇക്കോ ഷോപ്പുകളും, ആയത് ആഗോളതലത്തിൽ വിപണനം നടത്തുന്നതിന് തിരുവനന്തപുരം ഡിവിഷൻ കീഴിൽ ONDC പ്ലാറ്റ്ഫോമും ,ഇന്ത്യ ഒട്ടാകെ വിപണനം നടത്തുന്നതിന് ചാലക്കുടി ഡിവിഷന് കീഴിൽ www.vanasree.in എന്ന പേരിലുള്ള ഇ കോമേഴ്സ് പ്ലാറ്റ്ഫോമും പ്രവർത്തിച്ച് വരുന്നു. കൂടാതെ വിനോദ സഞ്ചാരികൾക്കായി കഫറ്റീരിയകളും, ആധുനിക സൗകര്യങ്ങളോടു കൂടിയ ടോയ്ലറ്റ് ബ്ലോക്കുകൾ, ശുദ്ധജലം ലഭ്യമാക്കുന്നതിനായി വാട്ടർ പ്യൂരിഫയർ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. വിനോദ സഞ്ചാരികൾക്കായി വിവിധ ഇടങ്ങളിൽ പ്രകൃതി സൗഹൃദപരമായ താമസ സൗകര്യങ്ങൾ ലഭ്യമാക്കിവരുന്നു.<br><br>ഇക്കോ ടൂറിസം കേന്ദ്രങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ള അപകടങ്ങൾ കുറയ്ക്കുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനുമായി സി.സി.ടി.വി നിരീക്ഷണം, അപകട സാധ്യത മേഖലകളിൽ കൃത്യമായുള്ള അപകട സൂചന ബോർഡുകൾ, കൈവരികൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കൃത്യമായ മാർഗ്ഗ നിർദ്ദേശങ്ങളും ബോധവൽക്കരണവും നൽകുന്നതിനായി പരിശീലനം ലഭിച്ച ഗൈഡുകളുടെ സേവനവും ഉറപ്പാക്കിയിട്ടുണ്ട്. ഏതെങ്കിലും തരത്തിൽ അപകടങ്ങൾ ഉണ്ടാകുന്ന പക്ഷം സന്ദർശകർക്ക് (ഇന്ത്യൻ പൗരന്മാർക്ക് മാത്രം), ഇക്കോട്ടൂറിസം കേന്ദ്രങ്ങളിലെ താൽക്കാലിക ജീവനക്കാരായ ഗൈഡുകൾക്കും 5 ലക്ഷം രൂപ വരെ നഷ്ടപരിഹാരം ലഭിക്കുന്നതിനായി യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് അപകട ഇൻഷുറൻസ് വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും വിനോദ സഞ്ചാരികൾക്കായി ലഭ്യമാക്കുന്ന വിവിധ തരത്തിലുള്ള സേവനങ്ങളുടെയും ഭാഗമായി വർഷാവർഷങ്ങളിൽ സംസ്ഥാനത്തെ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ എത്തുന്ന വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് വന്നിട്ടുണ്ട്. വിനോദ സഞ്ചാരികളുടെ എണ്ണത്തിലെ ഈ വർദ്ധനവ് പ്രസ്തുത കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്ന വരുമാനം വർദ്ധിക്കുന്നതിനും ആയതിലൂടെ വനാശ്രിതരായ ആളുകളുടെ ജീവിത നിലവാരം മെച്ചപ്പെടുവാനും സഹായിക്കുന്നു. |

സെക്ഷൻ ഓഫീസർ